MR. K. RAMAKRISHNA PILLAI: അതിനുശേഷം ഉൽപ്പാദനം വർദ്ധിക്കുന്നതിന് ഗവണ്മെൻറിന്റെ ഭൂമതലയിൽ വല്ലതും ചെയ്തിട്ടുണ്ടോ?

HON'BLE MR. K. M. KORAH: പ്രക്കാട്ട് ഒരു Experimental station സ്ഥാപിച്ചിട്ടുണ്ട്. അതു് ഉപകാരപ്രദമാണെന്നു ബോദ്ധ്യമുണ്ട്.

MR. K. RAMAKRISHNA PILLAI: അതെന്നായിരുന്നു?

HON'BLE MR. K. M KORAH: തീയതി അറിഞ്ഞുകൂടാ.

വളം ക്രോപ്പ് ലോണിന്മേൽ കൊടുക്കണമെന്ന നിവേദനം.

516. MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യത്തിനു ബഹു. കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കുട്ടനാട്ടിലെ കൃഷിആവശ്യത്തിനു വളം ക്രോപ്പ്ലോണിന്മേൽ തിരികെടുക്കണമെന്ന കാണിച്ചു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

HON'BLE MR. K. M. KORAH: കുട്ടനാട്ടിൽ കൃഷിക്കാവശ്യത്തിനു വളം ക്രോപ്പ് ലോണിന്മേൽ കൊടുക്കണമെന്ന കാണിച്ചു് നിവേദനം ലഭിച്ചിട്ടില്ല. എന്നാൽ വളം ക്രോപ്പു ലോണിന്മേൽ കൃഷിക്കാർക്കു് നൽകുന്നതിനു് വേണ്ട വ്യവസ്ഥകൾ ഗവണ്മെൻറു് ചെയ്തിട്ടുണ്ടു്.

MR. VARGHESE AUGUSTINE: ഒരു വളം ഡിപ്പോ കുട്ടനാട്ടിൽ സ്ഥാപിക്കാൻ വേണ്ട ഏർപ്പാടു് ചെയ്യുമോ?

HON'BLE MR. K. M. KORAH: കുട്ടനാട്ടിലെ മിക്ക ഭാഗങ്ങളിലും പ്രത്യേകം പ്രത്യേകം താലൂക്കുകളിൽ വളം ഡിപ്പോകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടു.

MR. K. RAMAKRISHNA PILLAI: അടുത്ത കൃഷിക്കു മുമ്പായി തുറക്കുന്നതിനു സാധിക്കുമോ?

HON'BLE MR. K. M. KORAH: ശ്രമിക്കുന്നതായിരിക്കും.

മറയിൻ ഓൺ ഫിഷറീസ് പ്രൊഫസർ, ഡാക്ടർ സി. സി.

ജാണിനു സെസി ആയിൽ മില്ലുമായുള്ള ബന്ധം.

517 MR. WILSON PETER (*Shertalai III—Latin Catholic*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly